**"ഭരണഭാഷ- മാതൃഭാഷ"**

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മീനങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ "കാർബൺ ന്യൂട്രൽ മീനങ്ങാടി" എന്ന പദ്ധതിക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായമായി പ്രസ്തുത തുക തണൽ എന്ന സംഘടനയ്ക്ക് കൈമാറുന്നതിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ചും നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി.സി)വകുപ്പ്**

**സ.ഉ.(സാധാ) നം.1567/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/07/2019

---

പരാമർശം:- 1 26.09.2018 ലെ G.O (Rt)No. 7970/18/Fin നമ്പർ ഉത്തരവ്

2 28.10.2018 ലെ സ.ഉ.(സാധാ)നം.2760/2018/തസ്വഭവ നമ്പർ ഉത്തരവ്

3 തണൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.02.2019-ലെ കത്ത്

4 പഞ്ചായത്ത് ഡയറക്ടറുടെ 10.05.2019-ലെ PAN/20281/2018-J5(DP)നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മീനങ്ങാടി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യ കാർബൺ തുലിത ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനുള്ള "കാർബൺ ന്യൂട്രൽ മീനങ്ങാടി" എന്ന പദ്ധതിക്ക് 2018-2019 വർഷം 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും 'കാർബൺ തുലിത മീനങ്ങാടി ഗ്രാമപഞ്ചായത്ത്' എന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് പിന്തുണ നല്കുന്നതിന് തണൽ എന്ന സംഘടനയ്ക്ക് ധനസഹായം നൽകുന്നതിനായി 2515-00-101-54 എന്ന ശീർഷകത്തിൽ അഡിഷണൽ ഓതറൈസേഷൻ ആയി പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ, തണൽ എന്ന സംഘടനയ്ക്ക് കൈമാറുന്നതിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച നൽകിയും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ 'കാർബൺ തുലിത മീനങ്ങാടി ഗ്രാമപഞ്ചായത്ത്' എന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് 40 ലക്ഷം രൂപ തണൽ സംഘടനയ്ക്ക് കൈമാറുന്നതിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ട് എന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു

3. 'കാർബൺ തുലിത മീനങ്ങാടി ഗ്രാമപഞ്ചായത്ത്' എന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് പിന്തുണ നല്കുന്നതിന് തണൽ എന്ന സംഘടനയ്ക്ക് ധനസഹായം നൽകുന്നതിനായി 2515-00-101-54 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ, തണലിനു ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ മീനങ്ങാടി

ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് പകരം പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടർ നേരിട്ട് തണൽ എന്ന സംഘടനയ്ക്ക് കൈമാറുന്നതിലേക്കായി നടപടി സ്വീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ, തണൽ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.'കാർബൺ ന്യൂട്രൽ മീനങ്ങാടി ഗ്രാമപഞ്ചായത്ത്' എന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് പിന്തുണ നൽകുന്നതിന് തണൽ എന്ന സംഘടനയ്ക്ക് ധനസഹായം നൽകുന്നതിനായി 2515-00-101-54 എന്ന ശീർഷകത്തിൽ അഡിഷണൽ ഓതറൈസേഷൻ ആയി പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ, തണൽ എന്ന സംഘടനയ്ക്ക് കൈമാറുന്നതിനായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകുന്നതിന് പകരം പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടർ തണൽ എന്ന സംഘടനയ്ക്ക് നേരിട്ട് കൈമാറുന്നതിന് അനുമതി നൽകി പരാമർശം (2)-ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (2) പ്രകാരം മീനങ്ങാടി പഞ്ചായത്തിന് കൈമാറിയ 40 ലക്ഷം രൂപ തണൽ എന്ന സംഘടനയ്ക്ക് നേരിട്ട് കൈമാറുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

6. മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം(2)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, തണൽ, ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (ഡവലപ് മെന്റ് വിങ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.07.25 16:03:29 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്